പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3078 22.06.2012- ൽ മറുപടിയ്ക്ക്

കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ മൃഗാശുപത്രികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). |
| (എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് മൃഗാശുപത്രികൾ ഉള്ളത്; | (എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ താഴെ പറയുന്ന പഞ്ചായത്തുകളിലാണ് മൃഗാശുപത്രികൾ ഉള്ളത്.<br>1. ചെറുകുന്ന് ഗ്രാമപഞ്ചായത്ത് - കൊവപ്രം മൃഗാശുപത്രി.<br>2. ചെറുതാഴം ഗ്രാമപഞ്ചായത്ത് - നരികാംവള്ളി മൃഗാശുപത്രി.<br>3. ഏഴോം ഗ്രാമപഞ്ചായത്ത് - പഴയങ്ങാടി മൃഗാശുപത്രി.<br>4. കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപഞ്ചായത്ത് - കണ്ടോൻതാർ മൃഗാശുപത്രി.<br>5. കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് - ഇരിണാവ് മൃഗാശുപത്രി.<br>6. കണ്ണപുരം ഗ്രാമപഞ്ചായത്ത് - കണ്ണപുരം മൃഗാശുപത്രി.<br>7. കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് - കുഞ്ഞിമംഗലം മൃഗാശുപത്രി.<br>8. മാടായി ഗ്രാമപഞ്ചായത്ത് - വെങ്ങര മൃഗാശുപത്രി.<br>9. മാട്ടൂൽ ഗ്രാമപഞ്ചായത്ത് - മാട്ടൂൽ മൃഗാശുപത്രി.<br>10. പട്ടുവം ഗ്രാമപഞ്ചായത്ത് - മുറിയാതോട് മൃഗാശുപത്രി. |

→

| | | | |
|---|---|---|---|
| (ബി) | ഈ മൃഗാശുപത്രികൾക്ക് സ്വന്തമായി കെട്ടിടമുണ്ടോ; സ്വന്തമായി കെട്ടിടമില്ലാത്ത മൃഗാശുപത്രികൾ ഏതൊക്കെയാണ്; | (ബി) | ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ കൊവപ്രം മൃഗാശുപത്രി വാടക രഹിത കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ബാക്കി എല്ലാ പഞ്ചായത്തിലും മൃഗാശുപത്രികൾക്ക് സ്വന്തമായി കെട്ടിടമുണ്ട്. |
| (സി) | ഈ മൃഗാശുപത്രികളിൽ ഡോക്ടർമാരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയാണ്; | (സി) | ഉണ്ട്. കണ്ണപുരം മൃഗാശുപത്രി, മുറിയതോട് മൃഗാശുപത്രി എന്നീ സ്ഥലങ്ങളിലാണ് വെറ്ററിനറി സർജന്റെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| (ഡി) | ഡോക്ടർമാരെ നിയമിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ഡി) | കണ്ണപുരം മൃഗാശുപത്രിയിൽ വെറ്ററിനറി സർജനെ നിയമിച്ചിട്ടുണ്ട്. മുറിയതോട് മൃഗാശുപത്രിയിലെ വെറ്ററിനറി സർജന്റെ തസ്തികയിൽ ഒഴിവു നികത്തിയിട്ടില്ല. പി.എസ്.സി-യിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ